# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 9, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| <u>മറുപടി നൽകുന്ന മന്ത്രിമാർ</u> |
|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും |
| രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## ദേശീയപാതയോരങ്ങളിലുള്ള ഭൂമി ഉപയുക്തമാക്കുന്നതിന് നടപടി

*301

ശ്രീ. സി. കെ. സദാശിവൻ
,, കോടിയേരി ബാലകൃഷ്ണൻ
,, സി. കൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരങ്ങളിൽ റോഡു വികസനാവശ്യങ്ങൾ കഴിച്ചുള്ള ഭൂമി മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ നടപ്പിലാക്കാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ പ്രസ്തുത നടപടിയിലൂടെ സർക്കാർ ഭൂമി സ്വകാര്യവ്യക്തികളിലെത്തുന്നതിന് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

(ഡി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കെ.ടി.ഡി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രസ്തുത സ്ഥലങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സേവനങ്ങളുടെ ലിസ്റ്റ് വില്ലേജാഫീസിൽ പ്രദർശിപ്പിക്കാൻ നടപടി</u>

*302 ശ്രീ. എം. പി. വിൻസെന്റ്
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയ്ക്കുള്ള മാനദണ്ഡങ്ങളും വില്ലേജ് ഓഫീസുകളിൽ പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം</u>

*303 ശ്രീ. പി. എ. മാധവൻ
,, ആർ സെൽവരാജ്
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>റേഷൻധാന്യങ്ങളുടെ കടത്ത്</u>

*304 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, ബി. സത്യൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് റേഷൻധാന്യങ്ങളുടെ കടത്ത് വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ അരി ബ്രാൻഡഡ് അരിയാക്കി സംസ്ഥാനത്ത് കൂടിയ വിലയ്ക്ക് വ്യാപകമായി വൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനാൽ കമ്പോളത്തിൽ അരിയുടെ വില ഉയർന്നുതന്നെ നിൽക്കുന്ന അവസ്ഥ പരിശോധിക്കുമോ;

(ഡി) ഇത്തരം കള്ളക്കടത്ത് തടഞ്ഞ് കമ്പോളത്തിൽ അരിയുടെ വില നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാരെ നൂതന സാങ്കേതിക വിദ്യ പരിശീലിപ്പിക്കാൻ പദ്ധതി

*305 ശ്രീ.കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാരെ നൂതന സാങ്കേതികവിദ്യ പരിശീലിപ്പിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**കയർ മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ**

*306 ശ്രീ. വർക്കല കഹാർ
,, ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർമേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ കണ്ടെത്തുന്നതിനായി എൻജിനീയറിംഗ് മേഖലയിലുൾപ്പെടെയുള്ള വിദ്യാർത്ഥികളെയും മറ്റും ഉൾപ്പെടുത്തി പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതികളുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>ഉന്നതാധികാര സമിതി</u>

*307 ശ്രീ. കെ.കെ. നാരായണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സി. കെ. സദാശിവൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഉന്നതാധികാര സമിതികളേതെങ്കിലും നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സമിതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി പുതുതായി നയരൂപീകരണം നടത്തിയിട്ടുണ്ടോ;

(സി) ഇതിനായി നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കഴക്കൂട്ടം-കൊല്ലം ദേശീയപാതയുടെ വികസനം</u>

*308 ശ്രീ. പി.കെ. ഗുരുദാസൻ
,, എം. എ. ബേബി
,, ബി. സത്യൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-കൊല്ലം ദേശീയപാതയുടെ വികസനത്തിനായി സ്ഥലമെടുക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ റോഡുവികസനത്തിനായി ഉണ്ടാക്കിയിരുന്ന അലൈൻമെന്റിൽ ഈ സർക്കാർ മാറ്റം വരുത്തുകയുണ്ടായയോ;

(സി) പ്രസ്തുത റോഡുവികസനത്തിനായി ആശാൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എത്ര സ്ഥലമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്;

(ഡി) സ്ഥലമേറ്റെടുക്കലിൽ നിന്ന് പ്രസ്തുത സ്മാരകത്തെ ഒഴിവാക്കുമെന്ന് നൽകിയിരുന്ന ഉറപ്പ് ലംഘിച്ചിട്ടുണ്ടോ;

(ഇ) പൊതുജനങ്ങളുമായി ചർച്ച നടത്തി, പ്രശ്നം പരിഹരിച്ച് പ്രസ്തുത വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി തട്ടിയെടുത്ത കേസുകൾ</u>

*309 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എം. ഹംസ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി തട്ടിയെടുത്ത കേസിൽ ഹാരിസൺ മലയാളം കമ്പനി വ്യാജരേഖയും സർവ്വേ മാപ്പും ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഒത്താശ ലഭിച്ചതായ കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന ഇത്തരം കയ്യേറ്റങ്ങൾക്ക് റവന്യൂവകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ടെന്ന കാര്യം അറിവുണ്ടോ; ഇത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏകജാലക സംവിധാനം</u>

*310 ശ്രീ. എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏകജാലക സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

സർക്കാർ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള ഊർജിത നടപടികൾ

*311 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത കൈയ്യേറ്റത്തിൽ നിന്നും സർക്കാർ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള ഊർജിത നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖല</u>

*312 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന കടുത്ത ചൂഷണത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഒരു വിവേചനവുമില്ലാതുള്ള ഫീസ്, ഡൊണേഷൻ എന്നിവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ ജോലി നോക്കുന്നവർക്ക് മിനിമം ശമ്പളം പോലും ലഭിക്കുന്നില്ലെന്നും സേവന വ്യവസ്ഥകളൊന്നും പാലിക്കപ്പെടുന്നില്ലെന്നുമുള്ള പരാതികളും അതിനോടനുബന്ധിച്ച കോടതി നിർദ്ദേശങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ</u>

*313 ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ എസ്.എസ്.എ പദ്ധതി വഴി ഫണ്ട് നൽകിയിരുന്നോ; എങ്കിൽ അനുവദിച്ച തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശ്രവണശേഷിയില്ലാത്തവരുമായ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും തെറാപ്പി നൽകുന്നതിനുമുള്ള വിദഗ്ദ്ധ അദ്ധ്യാപകരില്ലാത്ത സ്പെഷ്യൽ വിദ്യാലയങ്ങൾ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം വിദ്യാലയങ്ങളിൽ സ്ഥിരം സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

ഭൂപരിഷ്കരണ നിയമം

*314 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമം അനുവദിക്കുന്ന കൈവശം വയ്ക്കാവുന്ന പരമാവധി ഭൂമിയുടെ അളവ് എത്രയാണ്; ഈ നിയമം ഭേദഗതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭേദഗതി പ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ് എത്രയാണ്;

(ബി) ഈ ഭേദഗതി പ്രകാരമുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പരിധിയിലധികം ഭൂമി കൈവശം വയ്ക്കാവുന്ന ഭേദഗതി, നീക്കം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പാഠ്യപദ്ധതി പരിശോധനാകമ്മിറ്റി</u>

*315 ശ്രീ. എം. എ. ബേബി
,, ജി. സുധാകരൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിശോധനാകമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; കമ്മിറ്റിയിൽ എത്ര അംഗങ്ങളാണ് ഉണ്ടായിരുന്നത്; കമ്മിറ്റിക്ക് നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയിലെ അദ്ധ്യക്ഷൻ ഇടയ്ക്കു വച്ച് രാജി വയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പകരം ആരെയാണ് അദ്ധ്യക്ഷ സ്ഥാനത്തേക്ക് നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) നിലവിലുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കപ്പെട്ടത് എപ്പോഴായിരുന്നു;

(ഇ) പാഠ്യപദ്ധതി മാറ്റണമെന്ന ആവശ്യം ഏതെല്ലാം സാമുദായിക ശക്തികളിൽ നിന്നാണ് ഉണ്ടായിരുന്നത്;

(എഫ്) കേരളത്തിൽ നിലവിലുള്ള പാഠ്യ പദ്ധതിയുടെ മാതൃകയിൽ മറ്റ് സംസ്ഥാനങ്ങളിലും പരിഷ്കരണം നടത്തണമെന്ന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത് അറിയുമോ;

(ജി) എങ്കിൽ ദേശീയാടിസ്ഥാനത്തിൽ മികവുറ്റതാണെന്ന് തെളിയിക്കപ്പെട്ട നിലവിലുള്ള പാഠ്യപദ്ധതി ആർക്കു വേണ്ടിയാണ് മാറ്റാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ദേശീയപാതയ്ക്കു വേണ്ടിയുള്ള സ്ഥലമെടുപ്പിലെ പുരോഗതി

*316 ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രതിഷേധം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ബി.ഒ.ടി വ്യവസ്ഥയിലാണോ പ്രസ്തുത റോഡുകളുടെ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ബി.ഒ.ടി വ്യവസ്ഥയിലെ റോഡ് നിർമ്മാണം സ്ഥലമെടുപ്പിനെ ബാധിച്ചിട്ടുണ്ടോ;

(ഡി) ബി.ഒ.ടി. വ്യവസ്ഥയിൽ റോഡുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റും നിരക്കുകളും സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) കൊല്ലം ബൈപ്പാസിന്റെ എസ്റ്റിമേറ്റ് ഹൈക്കോടതിയുടെ ഇടപെടലിനെത്തുടർന്ന് കുറയ്ക്കുകയുണ്ടായിട്ടുണ്ടോ;

(എഫ്) കേന്ദ്രം അംഗീകരിച്ച സംസ്ഥാനത്തെ ദേശീയപാത വികസന പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കുമോ;

(ജി) പ്രസ്തുത വിഷയത്തിൽ ഏറ്റവുമൊടുവിൽ ഉപരിതല ഗതാഗത വകുപ്പിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച അറിയിപ്പ് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അനധ്യാപക പാക്കേജ്</u>

*317 ശ്രീ. ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അനധ്യാപകർക്കുള്ള പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇത് എന്ന് മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ</u>

*318 ശ്രീ. എൻ. ഷംസുദ്ദീൻ
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കുമുള്ള സ്ഥലമെടുപ്പിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന രീതിയാണോ പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതു ആവശ്യത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിലെ കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങളിൽ പരിഷ്ക്കാരം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>നാഷണൽ സർവ്വീസ് സ്കീം</u>

*319 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുതലം വരെയുള്ള കുട്ടികളെ ഇതിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്;

(ബി) മദ്യപാനത്തിനെതിരെ എൻ.എസ്.എസ് ന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(സി) സമൂഹത്തിലെ അശരണരെയും രോഗികളെയും പരിചരിക്കുന്നത് ഉൾപ്പടെ എൻ.എസ്.എസ്. വോളന്റിയർമാർക്ക് കൂടുതൽ മേഖലകളിൽ പ്രവർത്തിക്കാൻ അവസരമൊരുക്കുമോ?

**കേരള നിയമസഭ**
**09.04.2013-ലെ മറുപടിക്ക്**

<u>ഇന്ധനങ്ങളുടെ അളവിൽ വരുത്തുന്ന കൃത്രിമം തടയുന്നതിന് നടപടി</u>

*320 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിൽ നിന്ന് നൽകുന്ന പെട്രോൾ, ഡീസൽ എന്നിവയുടെ അളവിലുള്ള കൃത്രിമം കണ്ടെത്താൻ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(സി) എത്ര പെട്രോൾ പമ്പുകൾക്കെതിരെ നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ ;

(ഡി) മാസത്തിലൊരിക്കൽ പമ്പുകളിൽ പരിശോധന നടത്തുന്നതിനായി സ്ക്വാഡ് പ്രവർത്തനം വിപുലീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>പ്രകൃതി വാതക പൈപ്പ്ലൈന്‍ - ലാന്റ് അക്വിസിഷന്‍</u>

*321 ഡോ. കെ. ടി.ജലീല്‍
ശ്രീ.എസ്. ശര്‍മ്മ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രകൃതി വാതക പൈപ്പ്ലൈന്‍ - ലാന്റ് അക്വിസിഷനെതിരെ നിര്‍ദ്ദിഷ്ട ലൈനിലെ സ്ഥലഉടമകള്‍ പ്രക്ഷോഭത്തിലേര്‍പ്പെട്ടിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലവും വീടും ആദായവും നഷ്ടപ്പെടുന്നവര്‍ക്ക് മതിയായ നഷ്ടപരിഹാരം നല്‍കുന്നതിന് സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന പൈപ്പുലൈനുകള്‍ പരിസ്ഥിതിക്കും സുരക്ഷയ്ക്കും ഏതെങ്കിലും നിലയില്‍ പ്രശ്നങ്ങള്‍ ഉണ്ടാക്കുന്നതായി അറിയാമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.04.2013–ലെ മറുപടിക്ക്**

<u>കയറിനും കയറുല്പന്നങ്ങൾക്കും ആഭ്യന്തര വിപണി</u>

*322 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയറിനും കയറുല്പന്നങ്ങൾക്കും ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിനായി ജനകീയ കമ്പനി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ടെങ്കിൽ അതിനു വേണ്ടിയുളള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഇത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

*323 ശ്രീ. എ.കെ. ബാലൻ
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആവശ്യത്തിനായി സംസ്ഥാനത്ത് മിച്ചഭൂമി കണക്കെടുപ്പ് നടത്തിയിരുന്നോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെയുള്ള ഭൂമിയുടെ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ; എത്ര വകുപ്പുകൾ ഇതുവരെ കണക്കുകൾ നൽകിയിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ ഇനി നൽകാനുണ്ട്;

(സി) ഇത്തരത്തിൽ കണക്കുകൾ നൽകുന്നതിന് വകുപ്പുകൾ വിമുഖത കാണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഏത് വകുപ്പിലാണ് ഏറ്റവും കൂടുതൽ ഇത്തരം ഭൂമി ഉള്ളതെന്നറിയിക്കാമോ; ഇതുവഴി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് എത്ര ഹെക്ടർ ഭൂമി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പ് വഴി ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ</u>

*324 ശ്രീ. ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, എ.റ്റി. ജോർജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഓൺലൈൻ വഴി ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധികാരികത ഉണ്ട് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>വർക്ക്സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിദ്ധ്യം ഉറപ്പാക്കാൻ നടപടി</u>

*325 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, പി.എ. മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വർക്ക്സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിദ്ധ്യം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത നടപടി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ലാന്റ് ഇൻഫർമേഷൻ മിഷൻ

*326 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഭൂവിസ്തൃതി നിർണ്ണയത്തിനും സ്കെച്ചുകൾ തയ്യാറാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംരംഭത്തിൽ ഒരുക്കിയിട്ടുളളത്;

(ഡി) ഏതെല്ലാം ആധുനിക സാങ്കേതിക വിദ്യയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ബി. പി. എൽ. റേഷൻകാർഡ് ലഭിക്കാത്തവർക്ക് കുറഞ്ഞ വിലയ്ക്ക് അരി</u>

*327

ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി. പി. എൽ. റേഷൻ കാർഡ് ഇതുവരെയും ലഭിക്കാത്ത ബി. പി. എൽ. കാർക്ക് കുറഞ്ഞ വിലയ്ക്ക് റേഷനരി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ നൽകാനാകും എന്നാണ് കരുതുന്നത്;

(ബി) ഇതിനായി കേന്ദ്രം അധിക ധാന്യം അനുവദിച്ചിട്ടുണ്ടായിരുന്നോ; അനുവദിച്ച ധാന്യം എത്ര; മുഴുവൻ ഏറ്റെടുക്കുകയുണ്ടായോ;

(സി) ഇങ്ങനെ ലഭിച്ച ധാന്യം പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ എത്ര മാത്രം സഹായിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് കരിഞ്ചന്തയിലേക്ക് പോയിട്ടുള്ളതായ പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

### സ്കോളർ സപ്പോർട്ട് പ്രോഗ്രാം

*328 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം വിദ്യാർത്ഥികളെയാണ് ഈ പ്രോഗ്രാമിന്റെ കീഴിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധനസാമഗ്രികളുമാണ് ഈ പ്രോഗ്രാമനുസരിച്ച് നൽകുന്നത് ; വിശദമാക്കാമോ ;

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>തോട്ടഭൂമികളുടെ പാട്ടക്കാലാവധി</u>

*329 ശ്രീ. രാജു എബ്രഹാം
,, ഇ. പി. ജയരാജൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തോട്ടഭൂമികളുടെ പാട്ടക്കാലാവധി നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത്തരത്തിൽ തോട്ടഭൂമി കൈവശംവെച്ച് വരുന്നവരിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ച് നൽകാത്തവരുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കാലാവധി കഴിഞ്ഞ പാട്ടഭൂമി പൂർണ്ണമായും തിരിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകുമോ ; എത്ര ഏക്കർ ഭൂമി എവിടെയെല്ലാമായി ഇത്തരത്തിൽ തിരിച്ചെടുക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം എഴുത്തുകാർക്ക് നിയന്ത്രണം</u>

*330 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം എഴുത്തുകാർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം നിയന്ത്രണം കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനാകുമോ;

(സി) സംസ്ഥാനത്തു നടന്ന വ്യാജമുദ്രപത്ര കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇതുവരെയുള്ള അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്താണെന്ന് അറിയിക്കാമോ;

(ഇ) അന്വേഷണം എന്ന് പൂർത്തീകരിക്കും എന്നു അറിയിക്കുമോ;

(എഫ്) ആധാരം എഴുത്തുകാരുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 31.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].